**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** **29-01-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ വകുപ്പ് മാറ്റത്തിന്റെ നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർ വകുപ്പ് മാറുന്നതിനുള്ള അപേക്ഷ നൽകുമ്പോൾ ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ള സർക്കാർ ജീവനക്കാർക്ക് 06.02.2013 ലെ G.O (P)no.05/2013/P&ARD നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 17 (ഡി)യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുന്നത്. |
| (ബി) | ഡിപ്പാർട്ട്മെന്റ് മാറുന്ന ജീവനക്കാരന്റെ സർവ്വീസ് സംരക്ഷിക്കപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്ന ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ ഒഴികെയുള്ളവർ പുതിയ വകുപ്പിൽ ഏറ്റവും ജൂനിയറായി സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതാണ്. പുതിയ വകുപ്പിൽ പുതുതായി പ്രൊബേഷൻ പൂർത്തിയാക്കണം. എന്നാൽ ഇൻക്രിമെന്റ്, ലീവ്, മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് മുൻ വകുപ്പിലെ സർവ്വീസ് ഉൾപ്പെടുത്തും.<br><br>ജില്ലാതല പി എസ് സി റാങ്ക് പട്ടികകളിൽ നിന്ന് ആസ്ഥാന കാര്യാലയങ്ങളിലേക്ക് നിയമിക്കപ്പെടുന്ന മേൽ വിഭാഗം ജീവനക്കാർക്ക് നിയമനം ലഭിച്ച ആസ്ഥാന കാര്യാലയ വകുപ്പിന്റെ ജില്ലാ ഓഫീസ് മാതൃ ജില്ലയിൽ ഇല്ലാത്ത പക്ഷമോ അഥവാ ഉണ്ടെങ്കിൽ 5 വർഷത്തേയ്ക്ക് ഒഴിവുകൾ ഉണ്ടാകില്ല എന്ന സാഹചര്യത്തിലോ മറ്റൊരു വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുമ്പോൾ, മുൻ വകുപ്പിലെ സീനിയോറിറ്റി നിലനിർത്തി നൽകാനുള്ള ചട്ടഭേദഗതിക്കുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് ഉത്തരവുകൾ നിലവിലുണ്ട്. ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിലെ ചട്ടം 14 പ്രകാരം സീനിയോറിറ്റിയും ചട്ടം 17 (ഡി), ചട്ടം 10 എന്നിവ പ്രകാരം പ്രൊബേഷനും സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വകുപ്പ് മാറുന്ന നടപടികൾ പൂർത്തിയാക്കാൻ സാധാരണ ഗതിയിൽ എടുക്കുന്ന സമയം അറിയിക്കാമോ; | (സി) | മുൻകൂട്ടി നിർണ്ണയിക്കുവാൻ കഴിയില്ല. |
| (ഡി) | വകുപ്പ് മാറുന്നതിനുള്ള അപേക്ഷ നിരസിക്കുന്ന സാഹചര്യങ്ങൾ വിശദമാക്കാമോ? | (ഡി) | വകുപ്പുകളിലെ നിയമനാധികാരികളുടെ പരസ്പര സമ്മതത്തോടു കൂടിയാണ് ജീവനക്കാർക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നത്. നിർദ്ദിഷ്ട ഉത്തരവുകളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ഒഴിവ് നിലവിലുള്ള പക്ഷം അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ